# 98. എയ്ഡ്സ്രോഗത്തെപ്പററി

"എയ്ഡ്സ്" എന്ന ലൈംഗികരോഗം ഉളവാക്കുന്ന 'ഹ്യൂമൻ ഇമ്യൂണോ ഡെഫിഷ്യൻസി വൈറസ്' (എച്ച്. ഐ. വി.) എന്ന രോഗാണുവിനെപ്പററി വളരെയധികം പഠനങ്ങൾ ഇതിനകം നടന്നുകഴിഞ്ഞിട്ടുണ്ട്. രോഗിയുമായുള്ള ലൈംഗികബന്ധമോ, രോഗിയിൽനിന്നെടുത്ത രക്തം കുത്തിവെക്കലോ മൂലമാണ് എയ്ഡ്സ് രോഗാണു ഒരു രോഗിയിൽനിന്നു രോഗമില്ലാത്ത മറെറാരാളിലേക്കു പകരുന്നതു്. ശരീരത്തിൽ രോഗാണു കടന്നതിനുശേഷം എയ്ഡ്സ്രോഗത്തിന്റെ ചിഹ്നങ്ങൾ പ്രകടമാവാൻ ഏഴു വർഷം മുതൽ പതിനഞ്ചുവർഷംവരെ എടുത്തുവെന്നുവരാം. രക്തത്തിൽ രോഗാണു കടന്നെത്തിയതിനുശേഷം രോഗലക്ഷണങ്ങൾ പ്രകടമാകുന്നതുവരെയുള്ള ഈ ഇടവേളയെ 'ഇൻക്യുബേഷൻകാലം' എന്നു വിളിക്കുന്നു. ഇൻക്യുബേഷൻ കാലഘട്ടത്തിൽ ഇപ്പ രോഗാണുക്കൾ രക്തത്തിലുള്ളവർ തങ്ങളുമായി ലൈംഗിക-രക്ത സമ്പർക്കങ്ങളിൽ ഏർപ്പെടുന്നവർക്കു രോഗം പകർന്നുകൊടുത്തുകൊണ്ടേയിരിക്കും. അതിനാൽ രോഗബാധിതരെ മാററിപ്പാർപ്പിച്ച് എയ്ഡ്സ് രോഗപ്പകർച്ച ഒഴിവാക്കാമെന്ന് ആശിക്കേണ്ടതില്ല. ഇൻക്യുബേഷൻ കാലഘട്ടത്തിൽ രോഗബാധിതരാര്, രോഗം ബാധിക്കാത്തവരാര് എന്ന് എങ്ങനെ വേർതിരിച്ചറിയാനാണ്?

എയ്ഡ്സ് രോഗാണു ശരീരത്തിൽ കടന്നുകൂടിയ വ്യക്തിയുടെ രോഗപ്രതിരോധശക്തി നിശ്ശേഷം നശിക്കുന്നു. അതിനാൽ ജലദോഷംപോലുള്ള സാധാരണ രോഗങ്ങൾപോലും ഇത്തരം രോഗികളുടെ മരണത്തിനു കാരണമാവുന്നു. വേറെ ഒരു രോഗവും വന്നുപെടാതെ സൂക്ഷിച്ചാൽത്തന്നെയും എയ്ഡ്സ് രോഗാണുക്കൾ സ്വയം മരണകാരണമായിത്തീരുമെന്നു കണ്ടെത്തുകയുണ്ടായി. എയ്ഡ്സ്രോഗം ശമിപ്പിക്കുന്ന ഒരു ഔഷധവും ഇന്നോളം കണ്ടുപിടിക്കപ്പെട്ടിട്ടുമില്ല. അതിനാൽ ശരീരത്തിൽ എയ്ഡ്സ്രോഗാണു എത്തിപ്പെടാൻ ഇടയായവരിൽ നൂറിന് തൊണ്ണൂറൊമ്പതു പേരും മററു രോഗങ്ങൾകൊണ്ട് വേഗം മരിക്കുന്നില്ലെങ്കിൽ എയ്ഡ്സ്രോഗംകൊണ്ട് പിന്നെ മരിക്കുകതന്നെ ചെയ്യുമെന്ന് അമേരിക്കൻ ഐക്യനാടുകളിലെ 'ഫെഡറൽ ഗവണ്മെൻറിന്റെ രോഗനിയന്ത്രണകേന്ദ്ര'ത്തിലെ (എഫ്. സി. ഡി. സി.) ഗവേഷകന്മാർ 1988 ജൂൺ ആദ്യവാരത്തിൽ പ്രസ്താവിക്കുകയുണ്ടായി. അസ്റ്റ് (Ast) എന്ന ഒരു ഔഷധം ഇപ്പോൾ എയ്ഡ്സ്രോഗികൾക്കു നൽകിവരുന്നുണ്ട്. രോഗാണുക്കൾ പെരുകുന്നതു തടയുന്നതിനാൽ ഈ ഔഷധം രോഗികളുടെ ജീവിതകാലം ദീർഘിപ്പിക്കുവാൻ ഉപകരിക്കുന്നു. എന്നാൽ, ശരീരത്തിൽ രോഗാണു കടന്നുകൂടിയ ഒരാൾക്ക് രോഗലക്ഷണങ്ങൾ ഉണ്ടാകാതെ തടയുന്നതിന് ഈ ഔഷധം പര്യാപ്തമല്ലെന്നാണ് ഇതുവരെയുള്ള അനുഭവം.

പതിനഞ്ചു ലക്ഷം അമേരിക്കൻ പൗരന്മാരുടെ രക്തത്തിൽ ഇതിനകം എയ്ഡ്സ്രോഗാണു കടന്നുകൂടിയിട്ടുണ്ടെന്നാണ് അമേരിക്കയിലെ പൊതുജനാരോഗ്യവകുപ്പ് കണക്കാക്കിയിട്ടുള്ളതു്. എയ്ഡ്സ്രോഗലക്ഷണങ്ങൾ പ്രകടമായി കണ്ടുതുടങ്ങിയ അറുപത്തിരണ്ടായിരത്തോളം രോഗികളുടെ വിവരങ്ങൾ ഫെഡറൽ ഗവണ്മെൻറിന്റെ രോഗനിയന്ത്രണകേന്ദ്രത്തിൽ (എഫ്. സി. ഡി. സി.യിൽ) 1988 മെയ് മദ്ധ്യമാവുമ്പോഴേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 1992 അവസാനമാകുമ്പോഴേക്ക് അമേരിക്കയിലെ എയ്ഡ്സ് രോഗികളുടെ എണ്ണം മൂന്നുലക്ഷത്തോളമാകുമെന്ന് അവിടത്തെ പൊതുജനാരോഗ്യവകുപ്പ് കണക്കാക്കിയിരിക്കുന്നു. രോഗലക്ഷണം പുറത്തുകാട്ടാതെ രക്തത്തിൽ രോഗാണുവുമായി നടക്കുന്നവരുടെ എണ്ണം ഇതിനു പുറമെയായിരിക്കും.

യൂറോപ്പിൽ ജനീവയിലുള്ള ലോകാരോഗ്യസംഘടനയുടെ കാര്യാലയത്തിൽ 1988 ഏപ്രിൽ–മെയ് മാസങ്ങളിൽ ദിവസേന ശരാശരി പതിനഞ്ചു പേർക്ക പുതുതായി എയ്ഡ്സ്രോഗചിഹ്നങ്ങൾ കണ്ടുവരുന്നതായി വിവരം ലഭിച്ചുകൊണ്ടിരുന്നുവെന്ന് ആ സംഘടന ജൂൺ 3–ാം തീയതി പ്രസ്താവിച്ചിരുന്നു. എയ്ഡ്സ്രോഗബാധ സംബന്ധിച്ച വിവരങ്ങൾ ലോകാരോഗ്യസംഘടനയെ അറിയിച്ചുകൊണ്ടിരിക്കാമെന്ന് നൂറെറഴുപത്തഞ്ചു രാഷ്ട്രങ്ങൾ സമ്മതിച്ചിട്ടുണ്ട്. ഏപ്രിൽ–മെയ് മാസങ്ങളിൽ ഈ രാഷ്ട്രങ്ങളിൽ രജിസ്റ്റർ ചെയ്തതു് എയ്ഡ്സ്രോഗം സംബന്ധിച്ച എണ്ണായിരത്തി മുന്നൂററമ്പത്തി രണ്ടു പുതിയ കേസുകളാണ്. ഇതോടെ തൊണ്ണൂററാറായിരത്തി നാനൂററി മുപ്പത്തിമൂന്ന് എയ്ഡ്സ്രോഗികളുടെ വിവരങ്ങൾ ലോകാരോഗ്യസംഘടനയിൽ ലഭിച്ചുകഴിഞ്ഞു. ലോകാരോഗ്യസംഘടനയിലെ രേഖകൾ അനുസരിച്ച് ഈ ജൂൺ ആരംഭത്തിൽ വ്യത്യസ്ത രാഷ്ട്രങ്ങളിലെ എയ്ഡ്സ്രോഗികളുടെ എണ്ണം താഴെ ചേർക്കുന്നു:

| | |
|---|---|
| അമേരിക്ക | 61,580 |
| ഫ്രാൻസ് | 3,628 |
| ബ്രസീൽ | 2,956 |
| ഉഗാണ്ട | 2,369 |
| പടിഞ്ഞാറെ ജർമനി | 1,973 |
| ഇററലി | 1.865 |
| ക്യാനഡ | 1,775 |

പല രാഷ്ട്രങ്ങളും 1986–ലുണ്ടായിരുന്ന എയ്ഡ്സ്രോഗികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളു. അതിനാൽ 1988–ൽ രോഗബാധ കുറെക്കൂടി വ്യാപകമായിരിക്കണമെന്നു കരുതപ്പെടുന്നു.

ഇന്ത്യയിൽ ഏതാനും വ്യക്തികൾ എയ്ഡ്സ് രോഗബാധിതരാണെന്നു കണ്ടിട്ടുണ്ട്. എന്നാൽ, രോഗികളെ മാററി പാർപ്പിക്കാനോ അവരുടെ വിവരം തുടർച്ചയായി മനസ്സിലാക്കിക്കൊണ്ടിരിക്കാനോ കാര്യമായ ശ്രമമൊന്നും ഇവിടെ നടന്നിട്ടില്ല. രക്തം പരിശോധിച്ച് എയ്ഡ്സ് രോഗബാധ നിർണയിക്കാനുള്ള സംവിധാനങ്ങൾ കേരളത്തിൽ ഇല്ലെന്നാണ് എന്റെ അറിവ്. എയ്ഡ്സ് രോഗബാധയുള്ളതായി സംശയിക്കുന്നവരുടെ രക്തം കേരളത്തിലെ മെഡിക്കൽകോളേജ് ആശുപത്രികളിൽനിന്ന് വെല്ലൂരിലേക്ക് അയച്ചുകൊടുക്കുകയാണ് ഇപ്പോഴും ചെയ്യുന്നതു് എന്നാണ് എനിക്ക കിട്ടിയ വിവരം.

ഇന്ത്യയിൽ എയ്ഡ്സ്രോഗബാധ നിയന്ത്രണവിധേയമാക്കുന്നതിനായി ഇന്ത്യൻ പൗരർക്ക് വിദേശീയരുമായി ലൈംഗികബന്ധം നിരോധിക്കുന്ന ഒരു നിയമം നിർമിക്കണമെന്ന് വൈദ്യഗവേഷണത്തിനായുള്ള ഇന്ത്യൻ കൗൺസിലിന്റെ (ഐ. സി. എം. ആർ ) ഡയക്ടർ ജനറൽ ആയ ഡോ. എ എസ്. പൈന്തൽ ഈയിടെ ഇന്ത്യാഗവൺമെൻറിനെ ഉപദേശിക്കുകയുണ്ടായി. എന്നാൽ ഭരണഘടനയിലെ 21–ാം വകുപ്പിന് അത്തരമൊരു നിയമം എതിരായിരിക്കുമെന്ന് നിയമമന്ത്രാലയം ഉപദേശിച്ചതിനെത്തുടർന്ന് ഡയറക്ടർ ജനറലിന്റെ നിർദേശം ഇന്ത്യാഗവൺമെൻറ് തള്ളിക്കളയുകയാണ് ഉണ്ടായതെന്ന് ജൂൺ 10–ാം തീയതിയിലെ 'ഹിന്ദു' പത്രം റിപ്പോർട്ട് ചെയ്തിരുന്നു. 'നിയമംവഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ചല്ലാതെ യാതൊരാളുടെയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ ഇല്ലാതാക്കുവാൻ പാടില്ല' എന്നാണ് ഭരണഘടനയിലെ 21–ാം വകുപ്പ്. എയ്ഡ്സ് രോഗബാധിതരല്ലെന്ന് വൈദ്യപരിശോധനയിലൂടെ തെളിയിക്കപ്പെടാത്ത വിദേശീയരുമായി ഇന്ത്യൻ പൗരരുടെ ലൈംഗികബന്ധം നിരോധിക്കുന്ന ഒരു നിയമമുണ്ടാക്കിയാൽ അതു് ഈ വകുപ്പിന്റെ ലംഘനമാകുന്നതു് എങ്ങനെയെന്നു മനസ്സിലാവുന്നില്ല. ഏതായാലും ഈ

പ്രശ്നം ഒരു ദേശീയവിവാദത്തിന് വിഷയമാകുന്നതു നന്നായിരിക്കുമെന്ന് കേന്ദ്രത്തിൽ ആരോഗ്യ-കുടുംബക്ഷേമവകുപ്പിലെ സെക്രട്ടറി ശ്രീ എസ്. എസ്. ധണ്ഡ അഭിപ്രായപ്പെട്ടതായും 'ഹിന്ദു'പത്രത്തിന്റെ മുൻപ്രസ്താവിച്ച റിപ്പോർട്ടിൽ കാണുന്നുണ്ട്. എയ്ഡ്സ്രോഗത്തെപ്പററി കൂടുതൽ വ്യാപകമായ ധാരണ ഇന്ത്യയിൽ ഉളവാക്കാൻ ഇത്തരം ഒരു ചർച്ച പ്രയോജനപ്പെടുമല്ലോ.

(11 ജൂൺ, 1988)

## 99. ലോട്ടറി

വ്യഭിചാരം, മദ്യപാനം എന്നിവപോലെ ഒരു മഹാപാപമാണ് ചൂതുകളി എന്നു ധർമശാസ്ത്രങ്ങളിൽ പറയുന്നു. രാജാക്കന്മാർക്കു കാമം നിമിത്തം ഉണ്ടായേക്കാവുന്നതും അവർ പരിഹരിക്കേണ്ടതുമായ പത്തു 'വ്യസന'ങ്ങളിൽ ഒന്നായി മനുസ്മൃതി ചൂതുകളിയെ നിർദേശിച്ചിട്ടുണ്ട്. ആസക്തി (അഡിക്ഷൻ) ഉളവാക്കുന്നതു് എന്നാണ് 'വ്യസനം' എന്ന സംസ്കൃതവാക്കിനർത്ഥം. ഒരിക്കൽ ശീലിച്ചാൽ പിന്നീട് ചൂതുകളി നിർത്താൻ പ്രയാസമാണല്ലോ.

മഹാപാപങ്ങളാകയാൽ വ്യഭിചാരവും മദ്യപാനവും ചൂതുകളിയും സാധാരണ ജനങ്ങൾക്കു നിഷിദ്ധങ്ങളാണ്. എങ്കിലും നിഷിദ്ധങ്ങളായ പ്രവൃത്തികളിലും ചിലർക്കു താല്പര്യമുണ്ടാകാമല്ലോ. ജനങ്ങളുടെ നിഷിദ്ധ പ്രവൃത്തികൾക്കുമേൽ നികുതി ചുമത്തി സർക്കാരിലേക്കു പണമുണ്ടാക്കാൻ പഴയ രാഷ്ട്രതന്ത്രജ്ഞർ മടിച്ചില്ല. സർക്കാരിന്റെ മേൽനോട്ടത്തിൽ നടത്തുന്ന വ്യഭിചാരശാലകളെയും മദ്യശാലകളെയും ചൂതുകളിശാലകളെയുംപററി 'അർത്ഥശാസ്ത്രം' എഴുതിയ കൗടല്യൻ പ്രസ്താവിക്കുന്നുണ്ട്. വ്യഭിചാരശാലകൾക്കും മദ്യശാലകൾക്കും ചൂതുകളിശാലകൾക്കും സർക്കാർ ലൈസൻസ് നൽകുന്ന സമ്പ്രദായം ഇന്നും ഉണ്ടല്ലോ. കുററങ്ങൾചെയ്യുന്ന വ്യക്തികളുടെമേൽ വലിയ പിഴകൾ ചുമത്തി സർക്കാരിന് പണമുണ്ടാക്കുന്ന സമ്പ്രദായവും ഇപ്പോഴും കൈവിടപ്പെട്ടിട്ടില്ല.

ചൂതുകളിക്കു പല രൂപങ്ങളുമുണ്ട്. പകിടകളിയാവാം അതിന്റെ ഏററവും പഴയ രൂപം. കോഴിയങ്കം, കുതിരപ്പന്തയം, പണംവെച്ചു ചീട്ടുകളി, ഫുട്ബോൾ മത്സരങ്ങളുടെ ഫലത്തെപ്പററി വാതുകെട്ടൽ മുതലായവയും ചൂതുകളിതന്നെ. ദിവസവും അമേരിക്കൻ മാർക്കററ് അടയ്ക്കുന്ന സമയത്തു് അവിടെ പരുത്തിക്കുള്ള വിലയെ കുറിക്കുന്ന സംഖ്യയുടെ അവസാനത്തെ അക്കം ഏതാവുമെന്നതിനെപ്പററി വാതുകെട്ടുന്ന 'മട്ക' ബോംബെയിൽ വളരെ പ്രചാരമുള്ള ഒരു ചൂതുകളി ആണ്. ചൂതുകളിക്കാർക്കുവേണ്ടി, വിദ്യുച്ഛക്തികൊണ്ടു പ്രവർത്തിക്കുന്ന പല യന്ത്രങ്ങളും സംവിധാനംചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം യന്ത്രങ്ങൾ സംഭരിച്ചുവെച്ചിട്ടുള്ള ചൂതുകളി ഗൃഹങ്ങൾക്ക് (കാസിനോകൾക്കു) പല രാജ്യങ്ങളിലും സർക്കാർ സംരക്ഷണവും പ്രോത്സാഹനവും നൽകിവരുന്നു.

ചൂതുകളി ഒരു ദുർന്നടപടി മാത്രമല്ലെന്നും, അതൊരു ബഹുജനാരോഗ്യപ്രശ്നംകൂടി ആണെന്നും വാദിക്കുന്ന മനശ്ശാസ്ത്രജ്ഞരുണ്ട്. ചികിത്സിച്ചു മാറേറണ്ടതും മാററാവുന്നതുമായ ഒരുതരം മനോരോഗമാണ് മദ്യപാനത്തിലേക്കെന്നപോലെ ചൂതുകളിയിലേക്കും ജനങ്ങളെ നയിക്കുന്നതു് എന്നു സമർത്ഥിക്കുന്ന പുസ്തകങ്ങൾ ഏറെയാണ്.

ലോട്ടറിയാണ് ഇന്ത്യയിൽ ഏററവുമധികം പ്രചാരമുള്ള ചൂതുകളി.